**പതിനാലാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 554 29.01.2019-ലെ മറുപടിയ്ക്ക്

## കായിക രംഗത്തെ പ്രതിഭകൾക്ക് സർക്കാർ ജോലി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ. ദാസൻ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായിക രംഗത്തുള്ള എത്ര പേർക്ക് മികവിന്റെ അടിസ്ഥാനത്തിൽ സർക്കാർ ജോലി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 72 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ നിയമനം നൽകിയിട്ടുണ്ട്. ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ.സി.കെ.വിനീതിന് സെക്രട്ടറിയേറ്റിൽ പൊതുഭരണ വകുപ്പിൽ നിയമനം നൽകിയിട്ടുണ്ട്. 2017-ൽ ദേശീയ വോളീബോൾ കിരീടം നേടിയ കേരള ടീമിലെ സി.കെ.രതീഷിന് കിൻഫ്രയിൽ നിയമനം നൽകിയിട്ടുണ്ട്.<br>കൊൽക്കത്തയിൽ വച്ച് നടന്ന 72-ാമത് സന്തോഷ് ട്രോഫി ഫുട്ബോളിൽ ജേതാക്കളായ കേരള ടീമിലെ ജോലിയില്ലാത്ത 11 ടീമംഗങ്ങൾക്കും കൂടാതെ ഇൻഡോനേഷ്യയിലെ ജക്കാർത്തയിൽ വച്ച് നടന്ന ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്ക് വേണ്ടി മെഡൽ നേടിയ കേരളീയ കായികതാരങ്ങൾക്കും സർക്കാർ ജോലി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.<br>ഇതു കൂടാതെ ആഭ്യന്തര വകുപ്പിൽ 65 കായിക താരങ്ങൾക്ക് ഹവിൽദാർ തസ്തികയിലും നിയമനം നൽകിയിട്ടുണ്ട്. വർഷംതോറും മികച്ച 50 കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന പദ്ധതി നിലവിലുണ്ട്. അപ്രകാരം 2010-14 വർഷങ്ങളിലെ 249 |

| | | | |
|---|---|---|---|
| | | | ഒഴിവുകളിലേയ്ക്കുള്ള നിയമന നടപടികൾ അവസാനഘട്ടത്തിലാണ്. 2015, 2016, 2017 കാലയളവിലെ സ്പോർട്സ് ക്വാട്ടാ നിയമനം നടത്തുവാൻ വേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | കായിക രംഗത്തെ പ്രതിഭകൾക്ക് സർക്കാർ ജോലി നൽകുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം സ്പോർട്സ് ക്വാട്ടയിൽ സർക്കാർ സർവ്വീസിൽ നിയമനം നൽകുന്നതിന് പരിഗണിക്കുന്ന നേട്ടങ്ങളുടെ മുൻഗണനാക്രമം ചുവടെ ചേർക്കുന്നു.<br>1) അംഗീകൃത അന്താരാഷ്ട്ര ഫെഡറേഷനുകൾ നടത്തിയിട്ടുള്ള ഒളിമ്പിക്സ്, ലോകകപ്പ്, ലോക യൂണിവേഴ്സിറ്റി ഗെയിംസ്, കോമൺവെൽത്ത് ഗെയിംസ്, ഏഷ്യൻ ഗെയിംസ്, സാഫ് ഗെയിംസ് എന്നിവയിൽ കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ ഭാരതത്തെ പ്രതിനിധാനം ചെയ്ത ടീമിലെ അംഗമായിരിക്കുകയും വ്യക്തിഗത ഇനങ്ങളിലോ, ടീം ഇനങ്ങളിലോ ഒന്നോ, രണ്ടോ, മൂന്നോ സ്ഥാനം നേടി വിജയികളാകുകയും ചെയ്തവർ.<br>2) രാജ്യത്തെ പ്രതിനിധാനം ചെയ്ത് മുകളിൽപ്പറഞ്ഞ അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുത്തിട്ടുള്ളവർ<br>3) സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള കായിക ഇനങ്ങളിൽ പങ്കെടുത്ത് ഒന്നോ, രണ്ടോ, മൂന്നോ സ്ഥാനം നേടി വിജയികളായ കേരള സംസ്ഥാന ടീമിലെ അംഗങ്ങൾ.<br>4) മൗണ്ടനീയറിംഗ്, കളരിപ്പയറ്റ് എന്നീ കായിക ഇനങ്ങളിൽ കേരള സ്പോർട്സ് കൗൺസിൽ അംഗീകരിച്ച അസോസിയേഷനുകൾ നടത്തുന്ന സീനിയർ സംസ്ഥാന മത്സരങ്ങളിൽ വ്യക്തിഗത ഇനങ്ങളിലോ ടീം ഇനങ്ങളിലോ ഒന്നാം സ്ഥാനം നേടി വിജയികളായവർ.<br>കേന്ദ്ര സർക്കാരിലോ സംസ്ഥാന സർക്കാരിലോ പ്രസ്തുത സർക്കാരിലെ |

| | | | |
|---|---|---|---|
| | | | പൊതുമേഖലാ സ്ഥാപനങ്ങളിലോ സ്പോർട്സ് ക്വാട്ടാ വഴി നിയമനം ലഭിച്ചവർ വീണ്ടും അപേക്ഷിക്കാൻ അർഹരല്ല. ഉത്തേജക മരുന്നുകളുടെ ഉപയോഗത്തിന്റെ പേരിൽ ശിക്ഷണ നടപടിക്ക് വിധേയരായവരോ കളികളിൽ നിന്ന് വിലക്ക് കൽപ്പിക്കപ്പെട്ടവരോ ആയ കായികതാരങ്ങളും സ്പോർട്സ് ക്വാട്ട നിയമനത്തിന് അർഹരല്ല. കൂടാതെ കാലാകാലങ്ങളിൽ ആവശ്യമായി വരുന്ന മാറ്റങ്ങൾ/കൂട്ടിച്ചേർക്കലുകൾ ഉൾപ്പെടുത്തി തിരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ സഹിതം പരാമർശിക്കുന്ന വിജ്ഞാപനം വഴിയാണ് സ്പോർട്സ് ക്വാട്ട നിയമന അപേക്ഷ ക്ഷണിക്കുന്നത്. ഇതു കൂടാതെ ദേശീയ/അന്തർദേശീയ മത്സരങ്ങളിൽ മികച്ച വിജയം കൈവരിക്കുന്ന കായിക താരങ്ങൾക്ക് മേൽ മാനദണ്ഡങ്ങൾക്ക് അതീതമായി പ്രത്യേക കേസായി പരിഗണിച്ചും നിയമനം നൽകി വരുന്നു. |
| (സി) | കായിക താരം സർക്കാർ ജോലിയിൽ പ്രവേശിച്ചതിനുശേഷം തുടർന്നും അവർക്ക് പരിശീലനത്തിനുള്ള അവധിയടക്കമുള്ള സൗകര്യം സർക്കാർ നൽകി വരുന്നുണ്ടോ; വ്യക്തമാക്കാമോ? | (സി) | നിലവിൽ സ്പോർട്സ് ക്വാട്ടയിൽ സർക്കാർ സർവ്വീസിൽ നിയമിക്കപ്പെടുന്ന കായിക താരങ്ങൾക്ക് നിയമാനുസൃതം കോച്ചിംഗ് ക്യാമ്പിൽ പങ്കെടുക്കുന്നതിനും, സംസ്ഥാന ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്നതിനും സ്പെഷ്യൽ ക്യാഷൽ ലീവ് അനുവദിച്ചു വരുന്നുണ്ട്. ഇതിന് പുറമെ സൂപ്പർ ന്യൂമറി തസ്തികയിൽ നിയമിതരാകുന്ന കായിക താരങ്ങൾക്ക് നിത്യേനയുള്ള പരിശീലനത്തിനും ജോലി സമയത്തിൽ ഇളവ് അനുവദിച്ച് അവസരം നൽകി വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**